(ബി) ബോട്ടും മത്സ്യബന്ധനോപകരണങ്ങളും നഷ്ടപ്പെട്ടതിനെ തുടർന്ന് എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ട്; എത്ര തുക വീതം ആർക്കൊക്കെയാണ് നൽകിയത്;

(സി) നഷ്ടപരിഹാരം ലഭിക്കുന്നതിനായി ബേപ്പൂരിലെ മത്സ്യത്തൊഴിലാളികളിൽ നിന്നും എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സുനാമി കടൽക്ഷോഭത്തെതുടർന്ന് ബേപ്പൂർ ഫിഷിംഗ് ഹാർബറിൽ നാശനഷ്ടങ്ങൾ ഉണ്ടായതായി രേഖപ്പെടുത്തിയിട്ടില്ല.

(ബി) ബേപ്പൂർ ഹാർബറിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനോപകരണങ്ങൾക്ക് , യാതൊരുവിധ നാശനഷ്ടവും സംഭവിച്ചിട്ടില്ല. ആയതിനാൽ ബേപ്പൂരിൽ ആർക്കും നഷ്ടപരിഹാരം ഇതിൻപ്രകാരം നൽകിയിട്ടില്ല. യന്ത്രവൽകൃതബോട്ടുകൾക്ക് ഉണ്ടായ നാശനഷ്ടത്തിന് ആനുകൂല്യം നൽകിത്തുടങ്ങിയിട്ടില്ല.

(സി) ബോട്ടുകൾക്ക് നാശനഷ്ടം സംഭവിച്ചതായി 34 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

എല്ലാ പഞ്ചായത്തിലും സ്പോർട്സ് കോംപ്ലക്സ്

122 [2732] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പോർട്സ് വികസനം ലക്ഷ്യമാക്കി എല്ലാ പഞ്ചായത്തുകളിലും ഓരോ സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇവ സ്ഥാപിക്കുന്നതിന് എന്തെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ എന്ന് വിശദമാക്കാമോ;

(സി) കേന്ദ്രസർക്കാരിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ഇത്തരത്തിലുള്ള എന്തെങ്കിലും പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ, ബി) വലിയ സാമ്പത്തിക ബാദ്ധ്യതയുള്ള കാര്യമായതിനാൽ ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ കളിസ്ഥലം നിർമ്മിക്കുന്നതിനും, പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി പഞ്ചായത്തുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ട്.

(സി, ഡി) ഇല്ല. കേന്ദ്ര സർക്കാരിന്റെ 50% കേന്ദ്ര ധനസഹായ പദ്ധതി 1.4-2005 മുതൽ നിർത്തലാക്കിയിരിക്കുകയാണ്.

സ്കൂൾ കായിക രംഗത്ത് ഉത്തേജക മരുന്നിന്റെ ഉപയോഗം

123 [2733] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ കായിക രംഗത്ത് ഉത്തേജക മരുന്നിന്റെ ഉപയോഗം നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly